കൂടി ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടുകൾ കേന്ദ്ര ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഇതു അംഗീകരിച്ചു കിട്ടുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെൻറ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) കേന്ദ്രഗവൺമെൻറിൻെറ അംഗീകാരം കിട്ടിയിട്ടില്ല.

(ബി) കേന്ദ്രഗവൺമെൻറുമായി കത്തു മുഖാന്തിരവും ചർച്ചകൾ മുഖേനയും അനുമതിക്കായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

പഞ്ചായത്തുകൾ

1567. [2335] ശ്രീ. സി.ടി കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ എത്ര പഞ്ചായത്തുകളുണ്ട് ;

(ബി) ഓരോ ഗ്രേഡിലുമുള്ള പഞ്ചായത്തുകൾ എത്ര ;

(സി) 1985-86-ൽ പഞ്ചായത്തുകൾക്കായി ആകെ എത്ര തുക സാമ്പത്തികസഹായമായി സർക്കാർ നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) 1001 പഞ്ചായത്തുകൾ.

(ബി)

സ്പെഷ്യൽ ഗ്രേഡ്	350
ഒന്നാം ഗ്രേഡ്	435
രണ്ടാം ഗ്രേഡ്	202
മൂന്നാം ഗ്രേഡ്	14

(സി) വിവരം ശേഖരിച്ചു വരുന്നു.

പഞ്ചായത്ത് ഫണ്ടിൻെറ ദുർവിനിയോഗം

1568. [2336] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് മേധാവികളുടെ ഫണ്ട് ദുർവിനിയോഗത്തെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള പരാതികൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) തൃശ്ശൂർ കേന്ദ്രമാക്കിയിട്ടുള്ള പഞ്ചായത്ത് ട്രെയിനിംഗ് സെൻറിനുവേണ്ടി എല്ലാ പഞ്ചായത്തുകളും 10,000 രൂപ വീതം നല്കണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ടോ ;

(സി) റൂറൽ വെൽഫെയർ സംഘത്തിനുവേണ്ടി 5,000 രൂപ വീതം എല്ലാ പഞ്ചായത്തുകളും നല്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ടോ ;

(ഡി) പഞ്ചായത്ത് സമിതിക്കുവേണ്ടി 125 രൂപ വീതം എല്ലാ പഞ്ചായത്തുകളും പിരിച്ച് നല്കണമെന്നുള്ള നിർദ്ദേശം ഉണ്ടായിട്ടുണ്ടോ ;

(ഇ) പഞ്ചായത്തു മേധാവികളുടെ പഞ്ചായത്ത് ഫണ്ട് ദുർവിനിയോഗം നിറുത്തൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly